nbt.india

एकः सूते सकलम्

ISBN 978-81-237-8945-3

ആദ്യ പതിപ്പ് 2019
© സോമാ കൗഷിക്, 2008
മലയാള പരിഭാഷ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
Birju’s Problem (*English*)
Birjuvinte Prasnam (*Malayalam*)
₹ 50.00

പ്രസിദ്ധീകരണം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
നെഹ്റു ഭവൻ, 5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഫേസ് II
വസന്ത് കുഞ്ജ്, ന്യൂഡൽഹി 110 070

Website: www.nbtindia.gov.in
nbt.india
एकः सूते सकलम्

നെഹ്റു ബാല പുസ്തകാലയം

ബിർജുവിന്റെ പ്രശ്നം

സോമാ കൗശിക്

ചിത്രീകരണം

ഉത്തം കുമാർ ബാല

വിവർത്തനം

കൃഷ്ണൻകുട്ടി മടവൂർ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ഒരിക്കൽ ഒരിടത്തു ബിർജു എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ നന്മയുള്ളവനായിരുന്നെങ്കിലും ബുദ്ധി ലേശം വേറെയായിരുന്നു.

ദിവാസ്വപ്നങ്ങൾ കണ്ടാണ് അവൻ സമയം പോക്കിയിരുന്നത്.

ഓർത്തു വയ്ക്കാനുള്ളതൊക്കെ അവൻ പലപ്പോഴും പാടേ മറന്നുപോകുമായിരുന്നു.

nbt.india
एकः सूते सकलम्

വയസ്സ് ഇരുപത്തിരണ്ടായിട്ടും അവന് ഒരു ജോലിയും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അവന്റെ അമ്മയ്ക്ക് തനിക്കും മകനും കൂടി ആഹാരം കണ്ടെത്താൻ വല്ലാതെ പണിപ്പെടേണ്ടിവന്നു.

എന്നെങ്കിലും ഒരു ചുവന്ന നൂൽ ദേഹത്തുവീഴാനിടയായാൽ ആ നിമിഷം താൻ മരിച്ചുപോകുമെന്ന് ആരോ ഒരാൾ ഒരിക്കൽ ബിർജുവിനെ പറഞ്ഞു വിശ്വസിപ്പിച്ചു.

nbt.india
एकः सूते सकलम्

ഒരു ദിവസം ബിർജു വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ചുവന്ന നൂലു കൊണ്ട് അമ്മ എന്തോ തുന്നുന്നതാണ്. അപ്പോൾ വീശിയ ചെറുകാറ്റിൽ ഒരു നൂൽക്കഷണം ബിർജുവിന്റെ ദേഹത്തേക്കു പറന്നുവീണു.

“ഞാൻ ചത്തേ... അമ്മോ.... ഞാൻ ചത്തേ...” ബിർജു ഉറക്കെ നിലവിളിച്ചു.

“ബിർജു, മണ്ടത്തരം പറയാതെ,” അവന്റെ അമ്മ പറഞ്ഞു, “ദേ, നീ ഇപ്പോഴും ജീവനോടെയിരിക്കയല്ലേ?” കാര്യം പറഞ്ഞു മനസ്സിലാക്കാൻ അമ്മ പഠിച്ച പണി പതിനെട്ടും പയറ്റി. എന്നാൽ അവനതൊന്നും കേട്ടില്ല.

ഒടുവിൽ അമ്മ പറഞ്ഞു: “ശരി, എങ്കിൽ ഇനി നീ ഞാൻ പറയുംപോലെ ചെയ്യ്. ഹക്കിം സാഹിബിന്റെ അടുത്തേക്കു ചെല്ല്. അദ്ദേഹം നിനക്കു മരുന്നു തന്നു നിന്നെ ജീവിപ്പിക്കും.”

സന്തോഷപൂർവം തലയാട്ടിക്കൊണ്ടു ബിർജു അടുത്ത ഗ്രാമത്തിൽ താമസിക്കുന്ന ഹക്കിം സാഹിബിന്റെ അടുത്തേക്കോടി.

nbt.india
एकः सूते सकलम्

nbt.india
एकः सूते सकलम्

ഹക്കിം സാഹിബിന്റെ അരികിലെത്തി അവൻ പറഞ്ഞു: "ഹക്കിം സാഹിബ്, ഒരു ചുവന്ന നൂലു ദേഹത്തുവീണു ഞാൻ മരിച്ചുപോയി. എന്റെ അമ്മ പറഞ്ഞു, താങ്കൾ വേണ്ട മരുന്നു തന്ന് എന്നെ വീണ്ടും ജീവിപ്പിക്കുമെന്ന്."

കുഴപ്പത്തിലായ ഹക്കിം സാഹിബ് ബിർജുവിനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. പക്ഷേ ബിർജുവുണ്ടോ കേൾക്കുന്നു!

ഒടുവിൽ ഹക്കിം പറഞ്ഞു: "ശരി ബിർജൂ, ഞാൻ പറയുംപോലെ ചെയ്യ്. തിരിച്ചു വീട്ടിലേക്കു പോയി രണ്ടു ദിവസം 'ഖിചഡി' മാത്രം കഴിക്കുക. അതാണു നിനക്കുള്ള മരുന്ന്. രണ്ടു ദിവസം കൊണ്ടു നീ പഴയതുപോലെ സുഖം പ്രാപിക്കും. മനസ്സിലായോ?" അരിയും പരിപ്പും ചേർത്തു തയ്യാറാക്കുന്ന ഒരു ലഘുവിഭവമാണ് 'ഖിചഡി.'

ബിർജു സന്തോഷത്തോടെ തലയാട്ടി.

"പിന്നെ, 'ഖിചഡി' എന്ന പേരു മറന്നുപോകരുത്." ബിർജു എല്ലാം വളരെ പെട്ടെന്നു മറക്കുന്ന തരക്കാരനാണെന്നു ഹക്കിമിന് അറിയാമായിരുന്നു.



nbt.india
एकः सूते सकलम्


nbt.india

nbt.india
एकः सूते सकलम्

ബിർജു വീട്ടിലേക്കു തിരിച്ചു. നടന്നുപോകും വഴി 'ഖിചഡി, ഖിചഡി' എന്ന വൻ ഉറക്കെ ഉരുവിട്ടുകൊണ്ടിരുന്നു. അപ്പോഴാണു വഴിയിൽ ഒരുകൂട്ടം പക്ഷി കൾ ധാന്യങ്ങൾ കൊത്തിപ്പറക്കുന്നത് അവൻ കണ്ടത്.

ആ കാഴ്ച ബിർജുവിനു വലിയ ഇഷ്ടമായി. അതോടെ അവൻ 'ഖിചഡി'യും മറന്നു. സന്തോഷത്തോടെ അവൻ ഉറക്കെ വിളിച്ചുപറഞ്ഞു: "ഖാ ചിഡി, ഖാ ചിഡി – തിന്നൂ കിളികളേ തിന്നൂ," എന്ന് – 'ഖിചഡി' എന്നതിനുപകരം.

കുറച്ചകലെ ഗ്രാമവാസികൾ ധാന്യം കൊത്തിത്തിന്നുന്ന പക്ഷികളെ ആട്ടി യകറ്റുന്നിടത്തു ബിർജു എത്തി. കിളികളോടു ധാന്യങ്ങൾ കൊത്തിത്തി ന്നോളൂ എന്ന മട്ടിൽ 'ഖാ ചിഡി, ഖാ ചിഡി' എന്നുറക്കെ വിളിക്കുന്ന അവ നെക്കണ്ടു ഗ്രാമവാസികൾക്കു ദേഷ്യം വന്നു. അവർ അവനെ കടന്നുപി ടിച്ചു പൊതിരെ തല്ലി.

nbt.india
एकः सूते सकलम्

nbt.india
एकः सूते सकलम्

അവർ പറഞ്ഞു: “എടാ മണ്ടാ, എന്തിനാ നീ ‘ഖാ ചിഡി, ഖാ ചിഡി’ എന്നുപ റഞ്ഞ് ധാന്യം കൊത്തിത്തിന്നാൻ കിളികളെ വിളിക്കുന്നത്? ഞങ്ങളുടെ ധാന്യം മുഴുവൻ നഷ്ടപ്പെട്ടോട്ടെ എന്നോ? ഉഡ് ചിഡി, ഉഡ് ചിഡി – പറന്നുപോ... കിളീ... പറന്നുപോ... എന്നു പറ... പറഞ്ഞാലും പോരാ... അവയെ കല്ലെടു ത്തെറിയുകയും വേണം. മനസ്സിലായോ?” അവൻ തലയാട്ടി.

“ഉഡ് ചിഡി, ഉഡ് ചിഡി... പറന്നുപോ... കിളീ... പറന്നുപോ!” എന്നു പറഞ്ഞു കൊണ്ട് അവൻ നടന്നുപോയി.

പിന്നീടവൻ എത്തിച്ചേർന്നത്, ധാന്യം കൊത്തിത്തിന്നുന്ന പക്ഷികളെ പിടി ക്കാനായി ധാന്യം വിതറി അതിനു മുകളിൽ കെണിയൊരുക്കിയിരിക്കുന്ന ഒരു പക്ഷിവേട്ടക്കാരന്റെ അടുത്താണ്.

ധാന്യങ്ങൾ കൊത്തിത്തിന്നാനിറങ്ങിയ കിളികളെ കല്ലെടുത്തെറിഞ്ഞുകൊണ്ടു ബിർജു ഉറക്കെ വിളിച്ചുപറഞ്ഞു: “ഉഡ് ചിഡി, ഉഡ് ചിഡി... പറന്നുപോ കിളീ.. പറന്നുപോ!”

പക്ഷികളെല്ലാം പറന്നുപോയി, പക്ഷിവേട്ടക്കാരൻ ഇതെല്ലാം മര ത്തിനുപിന്നിൽ ഒളിഞ്ഞിരുന്നു കാണുകയായിരുന്നു. അയാൾ ക്കു ദേഷ്യം വന്നു, അയാൾ ബിർജുവിന്റെ കഴുത്തിനു കുത്തി പ്പിടിച്ചുകൊണ്ടലറി:

“തെമ്മാടീ, നീയാ പക്ഷികളെ പേടിപ്പിച്ചുവിട്ടു അല്ലേ...? ‘ഉഡ് ചിഡീ, ഉഡ് ചീഡീ’ എന്നുപറഞ്ഞ് അവയെ കല്ലെ റിഞ്ഞോടിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു...? വാ... പിടി തരൂ... വാ... പിടി തരൂ!” എന്നു പറയണം. പിടികിട്ടി യോ...?”

nbt.india

“കിട്ടി... പിടികിട്ടി” ബിർജു പറഞ്ഞു. പാവം! ‘ഖിചഡി’ എന്ന വാക്കുതന്നെ അവൻ പാടേ മറന്നുപോയിരുന്നു. അവൻ തിരക്കിട്ട് “വാ... പിടിതരൂ... വാ പിടിതരൂ!” എന്നാവർത്തിച്ചുകൊണ്ടു വീട്ടിലേക്കോടി.

കുറച്ചു കള്ളന്മാർ ഒരു വീടു കൊള്ളയടിച്ചശേഷം ഒളിക്കാൻ ശ്രമിക്കുകയായിരുന്നു. “വാ... പിടിതരൂ, വാ... പിടിതരൂ” എന്നുറക്കെപ്പറഞ്ഞുകൊണ്ടു തങ്ങളുടെ അടുത്തുകൂടി പോകുന്ന ബിർജുവിനെക്കണ്ട് അവർക്ക് കലികയറി, തങ്ങളുടെ കൂട്ടത്തിലൊരാളെ പോലീസ് പിടിച്ചതിന്റെ ദേഷ്യത്തിലായിരുന്നു അവർ.

“നിൽക്കെടാ മരമണ്ടാ...” അവർ അവനെ വിരട്ടി.

“നിനക്കു ഞങ്ങളെല്ലാം പിടിയിലാവുന്നതു കാണണോ? മര്യാദയ്ക്ക് ഇവിടം വിട്ടോണം. ഇനി അഥവാ എന്തെങ്കിലും പറയണമെങ്കിൽ... പറ... കള്ളൻ ജീവിതത്തിലും മരണത്തിലും രാജാവാണെന്ന്!”

nbt.india

“പറയാം... പറയാം...” പേടിച്ചരണ്ട ബിർജു തിടുക്കത്തിൽ നടന്നകന്നു; ഉറക്കെ, ഇങ്ങനെ പറഞ്ഞുകൊണ്ട് “ജീവിതത്തിലും മരണത്തിലും കള്ളൻ രാജാവുതന്നെ!”

അല്പം കഴിഞ്ഞപ്പോൾ ഒരു വൃദ്ധന്റെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള ഒരു വിലാപയാത്രയ്ക്കരികിൽ അവനെത്തി. ബിർജു ഉറക്കെ പറഞ്ഞുകൊണ്ടു പോകുന്നതു വൃദ്ധന്റെ ബന്ധുക്കൾ കേട്ടു. “ജീവിതത്തിലും മരണത്തിലും കള്ളൻ രാജാവു തന്നെ!” മരിച്ചയാളെ കള്ളനെന്നു വിളിച്ചു ബിർജു അപമാനിക്കുകയാണെന്നവർക്കു തോന്നി.

“നിനക്കെങ്ങനെ ധൈര്യം വന്നു...?” അവർ ബിർജുവിനെ വഴക്കുപറഞ്ഞു.

“ഇപ്പൊ പറയുന്നതു മാറ്റിപ്പറ, ഓർക്കുക... മരണദേവൻ അടുത്തുതന്നെയുണ്ട്!”

nbt.india
एकः सूते सकलम्

nbt.india
एक सूते सकलम्



nbt.india

“ശരി... ശരി...” പാവം ബിർജു പറഞ്ഞുകൊണ്ടു നടന്നു... “ഓർക്കുക... മരണദേവൻ അടുത്തുതന്നെയുണ്ട്!”

അല്പം നടന്നതേയുള്ളൂ... ഒരു കല്യാണപാർട്ടി കടന്നുവരുന്നത് അവൻ കണ്ടു. ചിലർ ചില സംഗീതോപകരണങ്ങൾ വായിക്കുന്നു. മറ്റുചിലർ നൃത്തം ചെയ്യുന്നു. ചിലരാകട്ടെ സന്തോഷം കൊണ്ട് ഉറക്കെച്ചിരിച്ചും വർത്തമാനം പറഞ്ഞും നടന്നുനീങ്ങുന്നു... “ഓർക്കുക മരണദേവൻ അടുത്തുതന്നെയുണ്ട്!” വരന്റെ സുഹൃത്തുക്കൾ ഇതുകേട്ടു. അവർ പിന്നാലെ പാഞ്ഞെത്തി അവനെ പിടിച്ചുതല്ലി...

“ടാ മണ്ടാ, മരക്കഴുതേ...” അവർ വിളിച്ചുപറഞ്ഞു. “നമ്മൾ കല്ല്യാണം ആഘോഷിക്കുമ്പോൾ, നീ മരണത്തെക്കുറിച്ചു പുലമ്പുന്നോ...? ഓടിക്കോ... ഇല്ലേൽ നിന്നെ ഞങ്ങൾ തലങ്ങും വിലങ്ങും തല്ലിപ്പൊളിക്കും...”

nbt.india
एकः सूते सकलम्

പാവം... അവൻ വീടുവരെ നിൽക്കാതോടി. ഒരു വാക്കുപോലും ഉച്ചരിക്കാനാകാതെ.

വല്ലവിധവും വീട്ടിലെത്തിയപ്പോൾ അമ്മ ചോദിച്ചു.

"ബിർജൂ, ഹക്കിം സാഹിബ് എന്താ പറഞ്ഞത്?"

ബിർജു മൂകനായി ഇരുന്നു.

"എന്തു മരുന്നാ അദ്ദേഹം നിനക്കു തന്നത്?" അവർ വീണ്ടും ചോദിച്ചു. ബിർജു അപ്പോഴും ഒരക്ഷരം ഉരിയാടിയില്ല.

ബിർജുവിന്റെ സ്വഭാവം കണ്ടു ദേഷ്യം വന്ന് അവന്റെ അമ്മ പറഞ്ഞു: "എന്നോട് നീ പറഞ്ഞില്ലെങ്കിൽ ഇന്നു ഞാൻ നിനക്കീ 'ഖിചഡി' മാത്രമേ തരൂ..."


nbt.india
एकः सूते सकलम्

‘ഖിചഡി’ എന്ന് കേട്ടപാടേ ഹക്കിം സാഹിബ് അവനോട് പറഞ്ഞതു ബിർജു വിനു പെട്ടെന്നോർമ്മ വന്നു...

“അതേ അമ്മാ...” അവൻ ഉറക്കെ വിളിച്ചുപറഞ്ഞു.

“അമ്മാ, അതാണെന്റെ മരുന്ന്... ‘ഖിചഡി’ തന്നെ!!”

അങ്ങനെ, ഒടുവിൽ ‘ഖിചഡി’ കഴിച്ച്, നിറഞ്ഞ ഹൃദയവുമായി അവൻ ഉറ ങ്ങാൻ കിടന്നു.

nbt.india
एकः सूते सकलम्

nbt.india
एकः सूते सकलम्

Printed at: India Offset Press, New Delhi